# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.2989**

**13/03/2018-ൽ മറുപടിയ്ക്ക്**

## പൊതുശ്മശാനവും മൃതദേഹം ദഹിപ്പിക്കുന്നതിനുള്ള ചൂളകളും സ്ഥാപിക്കുന്ന നടപടി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 1994-ലെ കേരള പഞ്ചായത്തിരാജ് നിയമത്തിലെയും, മുൻസിപ്പാലിറ്റി നിയമത്തിലെയും ചട്ടങ്ങൾ അനുസരിച്ച് പൊതുശ്മശാനവും, മൃതദേഹം ദഹിപ്പിക്കുന്നതിനുള്ള ചൂളകൾ സ്ഥാപിക്കുന്ന നടപടിയും സ്വീകരിക്കേണ്ടത് തദ്ദേശസ്ഥാപനങ്ങളുടെ ബാധ്യതയാണോ; വിശദമാക്കാമോ; | (എ) | അതെ. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് 254-ാം വകുപ്പ് (2) ഉപവകുപ്പ് (1)-ാം ഖണ്ഡിക പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ പ്രകാരം ഉണ്ടാക്കിയിട്ടുള്ള 1998 ലെ കേരളപഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ (3) പ്രകാരം ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നു. കൂടാതെ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1)-ാം വകുപ്പ് പ്രകാരമുള്ള ഒന്നാം പട്ടികയിൽ 18-ാമത്തെ ഇനമായി ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലയാണ്. |
| (ബി) | സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനം നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി ഈ സർക്കാർ എത്ര ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകിയെന്നറിയിക്കുമോ; | (ബി) | എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ധനസഹായം അനുവദിച്ചുവരുന്നു. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി പ്രകാരം 12 ഗ്രാമപഞ്ചായത്തുകൾക്ക് പൊതുശ്മശാനം നിർമ്മിക്കുന്നതിന്/നവീകരിക്കുന്നതിനായി 180.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | ശ്മശാനം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ സ്ഥലം വിട്ട് നൽകുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തടസ്സം നീക്കുന്നകാര്യം പരിഗണിക്കുമോ? | (സി) | ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ